(ഡി) എങ്കിൽ ആർക്കൊക്കെ എതിരെയാണ് കേസ്സ് എടുത്തതെന്നും അവരുടെ പേരിലുള്ള കുറ്റങ്ങൾ എന്തെല്ലാം എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) പോലീസിന് നേരെ കല്ലേറ് ഉണ്ടായതിനെത്തുടർന്ന് പ്രകടനക്കാരെ അറസ്റ്റുചെയ്യുവാൻ ശ്രമിക്കവേ ചിതറിയോടിയപ്പോൾ ബാരിക്കേടിൽ തട്ടിയും മറ്റും പരിക്കേറ്റ 24 പേരുടെ പേരുകളും അവരെ ചികിത്സിച്ച ആശുപത്രികളുടെ പേരുകളും അനുബന്ധം (I) ആയി കൊടുത്തിട്ടുണ്ട്.†

(സി) ഉണ്ട്.

(ഡി) ഇതു സംബന്ധിച്ച് പത്തനംതിട്ട പോലീസ് സ്റ്റേഷനിൽ എടുത്തിട്ടുള്ള കേസ്സുകളുടേയും അവയിലെ പ്രതികളുടേയും അവർക്കെതിരെ ചാർജ്ജ്ചെയ്തിട്ടുള്ള സെക്ഷനുകളുടേയും വിശദവിവരങ്ങൾ അനുബന്ധം (II) ആയി ചേർത്തിട്ടുണ്ട്.†

97 (2408) എസ്കോർട്ട് പോലീസുകാർക്ക് ചെറിയ ആയുധങ്ങൾ നൽകാൻ നടപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതികളെ കോടതികളിലും ജയിലുകളിലും കൊണ്ടുപോകുന്ന എസ്കോർട്ട് പോലീസുകാർക്ക് ഇപ്പോൾ നൽകിവരുന്ന റൈഫിൾ പ്രാകൃതമായ സെക്യൂരിറ്റി സംവിധാനമാണെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ബി) എങ്കിൽ റിവോൾവർപോലുള്ള ചെറുതും കാര്യക്ഷമവും കാലാനുസൃതവുമായ ആയുധങ്ങൾ എസ്കോർട്ട് പോകുന്ന കോൺസ്റ്റബിൾമാർക്ക് നൽകുന്ന കാര്യം പരിഗണിക്കുമോ;

(സി) ചെറിയ ആയുധങ്ങൾ നൽകാൻ ആഭ്യന്തരവകുപ്പിന് താൽപ്പര്യമില്ലെങ്കിൽ കാരണം വിശദീകരിക്കുമോ?

ഉത്തരം

(എ) ഈ സംവിധാനം പ്രാകൃതമായി അനുഭവപ്പെട്ട് കാണുന്നില്ല.

(ബി)&(സി) സബ് ഇൻസ്പെക്ടർമാർ മുതൽ മുകളിലോട്ടുള്ള പോലീസ് ഓഫീസർമാർക്ക് റിവോൾവർ, പിസ്റ്റൾ തുടങ്ങിയ ചെറിയ ആയുധങ്ങൾ ഉപയോഗിക്കാൻ അനുവാദമുള്ളതും അവ ഉപയോഗിക്കുന്നതിനുള്ള പരിശീലനം കാലാകാലങ്ങളിൽ നൽകിവരുന്നതുമാണ്. പോലീസ് ഹെഡ് കോൺസ്റ്റബിൾ, കോൺസ്റ്റബിൾ എന്നിവരുടെ സംഖ്യ വളരെ കൂടുതലാണ്. അത്രയുംപേർക്ക് ആയുധങ്ങൾ നൽകുന്നതിനുവേണ്ടിവരുന്ന ഭാരിച്ച സാമ്പത്തിക ബാദ്ധ്യത കണക്കിലെടുത്ത് നിലവിലുള്ള സംവിധാനത്തിൽ ഇപ്പോൾ മാറ്റംവരുത്തുവാൻ ഉദ്ദേശിക്കുന്നില്ല.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly